## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2093   05.05.2017-ന് മറുപടിയ്ക്ക്**

## വനഭൂമി കയ്യേറ്റം

**ചോദ്യം**

**ശ്രീ. അബ്ദുൽ ഹമീദ് പി**

**മറുപടി**

**ശ്രീ. കെ. രാജു**
**(ബഹു. വനവും‌മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ വനഭൂമി കയ്യേറ്റം വ്യാപകമാണെന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരളത്തിൽ വനഭൂമി കയ്യേറ്റങ്ങൾ വ്യാപകമാണെന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ടുകൾ വനം വകുപ്പ് സർക്കാറിന് കൈമാറിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കേരളത്തിൽ വനഭൂമി കയ്യേറ്റങ്ങൾ വ്യാപകമാണെന്ന ആക്ഷേപങ്ങൾ സംബന്ധിച്ച് റിപ്പോർട്ടുകൾ വനം വകുപ്പ് സർക്കാരിന് കൈമാറിയിട്ടില്ല. |
| (സി) | സ്വകാര്യ വ്യക്തികളുടെ വനം കയ്യേറ്റം ചെറുക്കുന്നതിനും കയ്യേറിയവ വീണ്ടെടുക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | സ്വകാര്യ വ്യക്തികളുടെ വനം കയ്യേറ്റം ചെറുക്കുന്നതിനായി സ്വകാര്യ ഭൂമിയും വനഭൂമിയും വേർതിരിക്കുന്നതിന് വനഭൂമി സർവ്വേ നടത്തി ജണ്ടയിട്ട് വേർതിരിച്ചു വരുന്നു. ഒഴിപ്പിക്കലിനെതിരെ കോടതി ഉത്തരവുകൾ നിലവിലുണ്ടെങ്കിൽ ആയത് നീക്കി ഒഴിപ്പിക്കൽ നടത്താനും നടപടി സ്വീകരിക്കാറുണ്ട്. കയ്യേറ്റക്കാർക്കെതിരെ കേസുകളെടുത്ത് തുടർ നടപടികൾ സ്വീകരിക്കാറുണ്ട്. പുതുതായി ശ്രദ്ധയിൽ വരുന്ന വനം കൈയ്യേറ്റങ്ങൾ അപ്പപ്പോൾ തന്നെ ഒഴിപ്പിക്കാറുണ്ട്. വനം കൈയ്യേറ്റങ്ങൾ മോണിറ്റർ ചെയ്യുന്നതിനും പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും കൂടാതെ സർക്കിൾ തലത്തിൽ ഫോറസ്റ്റ് കൺസർവേറ്റർ അദ്ധ്യക്ഷനായ സർക്കിൾ ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചു പ്രവർത്തനം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ